# പതിനാലാം കേരളനിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 4991** **14.11.2019 -ൽ മറുപടിയ്ക്ക്**

### ഭവന നിർമ്മാണ ബോർഡ് മുഖേന വായ്പ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ :** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) ബാങ്കുകളും ഇതര ധനകാര്യ സ്ഥാപനങ്ങളും ഇടത്തരം വരുമാനക്കാർക്ക് അപ്രാപ്യമായിരിക്കെ, സ്വന്തം ഭവനമെന്ന അവരുടെ സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് ഭവന നിർമ്മാണ ബോർഡ് മുഖേന മുൻ കാലങ്ങളിലെ പോലെ ഭവന വായ്പ പദ്ധതി നടപ്പിലാക്കുമോ;<br>(ബി) ഇതിനായി നാഷണൽ ഹൗസിംഗ് ഫൈനാൻസ് കോർപ്പറേഷൻ, നബാർഡ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ഭവന രംഗത്ത വിദേശ ഏജൻസികളിൽ നിന്നോ കുറഞ്ഞ പലിശയ്ക്ക് വായ്പയെടുത്ത് ഹൗസിംഗ് ബോർഡിനെ ഏല്പിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (എ) & (ബി) | 1977 മുതൽ ദുർബല/താഴ്ന്ന/ഇടത്തരം/ഉയർന്ന വിഭാഗക്കാർക്കായി വിവിധ വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് ബോർഡ് നടപ്പിലാക്കി വന്നിരുന്നു. ഹഡ്കോ മുതലായ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയായി ധനസമാഹരണം നടത്തിയാണ് ടി വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നിരുന്നത്. ആയതിന് സർക്കാർ ഗ്യാരന്റി നൽകിയിരുന്നു. പിന്നീട് സർക്കാർ ഗ്യാരന്റി നൽകാത്തതു കാരണം ഹഡ്കോയിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ബോർഡിന് ധനസമാഹരണം സാദ്ധ്യമാകാത്തതിനാലാണ് പുതിയ ദുർബല/താഴ്ന്ന/ഇടത്തരം വിഭാഗത്തിൽപ്പെട്ട വായ്പാ പദ്ധതികൾ ആരംഭിക്കുവാൻ കഴിയാത്തത്. നാഷണൽ ഹൗസിംഗ് ഫൈനാൻസ് കോർപ്പറേഷൻ, നബാർഡ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ഭവന രംഗത്തെ വിദേശ ഏജൻസികളിൽ നിന്നോ കുറഞ്ഞ പലിശയ്ക്ക് വായ്പയെടുത്ത് ഹൗസിംഗ് ബോർഡിനെ ഏല്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

Sobha S

സെക്ഷൻ ഓഫീസർ